**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2527 — 17.08.2017 -ലെ മറുപടിക്ക്.

# തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ചോദ്യം — മറുപടി

**ശ്രീ. മഞ്ഞളാംകുഴി അലി** — **ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള , എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളിലുള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തത്; | **(എ)** | തൊഴിൽ വകുപ്പിന് കീഴിലുള്ള അസംഘടിത മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികളേയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തൊഴിലാളികൾക്കു ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ആർ.എസ്.ബി.വൈ/ചിസ്/ ചിസ് പ്ലസ്. 47 വിഭാഗം തൊഴിലാളി കുടുംബങ്ങൾ ഈ പദ്ധതിയ്ക്ക് അർഹരാണ്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** അപകട ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമുള്ള എല്ലാ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;<br><br>**(സി)** അപകടകരമായ തൊഴിൽ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷയും എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? | **(ബി) & (സി)** | സാമ്പത്തിക ഭദ്രതയുള്ള ചില ബോർഡുകൾ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്. ബോർഡുകളുടെ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. തൊഴിൽ വകുപ്പിന് കീഴിലുള്ള 47 വിഭാഗം തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ചികിത്സാ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്ന പക്ഷം കൂടുതൽ തൊഴിലാളി വിഭാഗങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. വഴിയോര കച്ചവടക്കാർ
2. വീട്ടുവേലക്കാർ
3. ബീഡി തൊഴിലാളികൾ
4. ആക്രി/ പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ
5. ശുചീകരണ തൊഴിലാളികൾ
6. പാറമട തൊഴിലാളികൾ
7. റിക്ഷ വലിക്കുന്നവർ
8. MGNREGS (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ)
9. കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ (ആട്ടോറിക്ഷ തൊഴിലാളികൾ)
10. ടാക് സി ഡ്രൈവർമാർ (മോട്ടോർ തൊഴിലാളി ഷേമ ബോർഡിലെ അംഗങ്ങൾ)
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
12. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
13. മറ്റു മൽസ്യത്തൊഴിലാളികൾ
14. നിർമാണത്തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ
15. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
16. കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ
17. ഖാദി തൊഴിലാളി ക്ഷേമനിധി ബാർഡിലെ അംഗങ്ങൾ
18. ഖാദി തൊഴിലാളി ക്ഷേമനിധി ബാർഡിലെ പെൻഷൻകാർ
19. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
20. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
21. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
22. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
23. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
24. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
25. ഈറ്റ- പനമ്പ്- കാട്ടുവള്ളി ബോർഡിലെ അംഗങ്ങൾ

26. ഈറ്റ- പനമ്പ്- കാട്ടുവള്ളി ബോർഡിലെ പെൻഷൻകാർ

27. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡ് അംഗങ്ങൾ

28. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡ് പെൻഷൻകാർ

29. അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ

30. അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ

31. ബാർബർ/ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയിലെ അംഗങ്ങൾ

32. ബാർബർ/ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയിലെ പെൻഷൻകാർ

33. കൈത്തൊഴിലാളി/ വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ

34. കൈത്തൊഴിലാളി/ വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ

35. 2008 ലെ അൺ ഓർഗ്നൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ

36. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

37. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബാർഡിലെ പെൻഷൻകാർ

38. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

39. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

40. ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

41. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

42. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

43. ഷോപ് സ് & കൊമേർഷ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/ സ്വയം തൊഴിൽ ചെയ്യുന്നവർ.

44. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ (ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾ)

45. അംഗനവാടി വർക്കേഴ്സ്/ഹെൽപ്പേഴ് സ്

46. ആശാ പ്രവർത്തകർ

47. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ

സെക്ഷൻ ഓഫീസർ